# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8274 — 25.07.2012-ൽ മറുപടിക്ക്

## അവധിയെടുത്തുപോകുന്ന ഡോക്ടർമാരുടെ സ്വത്ത് ജപ്തി ചെയ്യാൻ ശുപാർശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിന്നും അവധിയെടുത്തു പോകുന്ന ഡോക്ടർമാരുടെ സ്വത്ത് ജപ്തി ചെയ്യാൻ എൻ.ആർ.എച്ച്.എം ശുപാർശ ചെയ്തിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം മുഖേന നിർബന്ധിത ഗ്രാമീണ സേവനത്തിനായി നിയോഗിക്കപ്പെട്ട ഡോക്ടർമാരിൽ അനധികൃതമായി ഹാജരാകാതിരുന്ന 491 ഡോക്ടർമാർക്കെതിരെ നോട്ടീസ് നൽകിയിരുന്നു. അതിന്റെ തുടർനടപടികൾക്കായി അനധികൃത അവധിയിൽ പ്രവേശിച്ച 491 ഡോക്ടർമാരുടെ ലിസ്റ്റ് എല്ലാ ജില്ലാ കളക്ടർമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ ജപ്തി നടപടികൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഇത്തരത്തിൽ അനധികൃതമായി ഹാജരാകാതിരുന്ന ഡോക്ടർമാർ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ നോട്ടീസ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നാൽ ക്രിമിനൽ പ്രൊസീജർ കോഡ് u/s 144(2) അനുസരിച്ച് ജില്ലാ കളക്ടർമാർ മുഖാന്തിരം റവന്യൂ റിക്കവറി ആക്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് ജപ്തി നടപടികൾ നടത്തുകയെന്ന് വിശദമാക്കാമോ ; | (സി) അനധികൃതമായി ഹാജരാകാതിരുന്ന നിർബന്ധിത ഗ്രാമീണ സേവനത്തിൽ ഏർപ്പെട്ട ഡോക്ടർമാർ, സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ നോട്ടീസ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നാൽ ക്രിമിനൽ പ്രൊസീജർ കോഡ് u/s 144(2) അനുസരിച്ച് ജില്ലാ കളക്ടർമാർ മുഖാന്തിരം റവന്യൂ റിക്കവറി ആക്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) ഇതിനകം സംസ്ഥാനത്ത് എത്ര ഡോക്ടർമാരുടെ സ്വത്തുക്കൾ ജപ്തി ചെയ്തിട്ടുണ്ട് ? | (ഡി) വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ